DHS/4375/2023-EA1

I/31744/2023

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

**ഹാജർ : ഡോ.റീന.കെ.ജെ**

വിഷയം:- ആ.വ.ഡ: ജീവനക്കാര്യം- സ്പെഷ്യാലിറ്റി കേഡർ- അച്ചടക്ക നടപടിയും തുടർ അന്വേഷണത്തിനും വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത ഡോ. രാജേഷ്.കെ.ടി. ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) യെ സർവീസിൽ പുനഃ പ്രവേശിപ്പിച്ച നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- ഉത്തരവ് നം. ഇ.സി5 -7732/ 2022/ആ.വ.ഡ തീയതി 09.03.2023

**ഉത്തരവ് നം ഇ.എ1-4375/2023/ആ.വ.ഡ തീയതി : 17-03-2023**

മലപ്പുറം പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയി ജോലി ചെയ്തു വരവേ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത ഡോ. രാജേഷ്.കെ.ടി യെ അച്ചടക്ക നടപടിയും തുടർ അന്വേഷണത്തിനും വിധേയമായി മലപ്പുറം ജില്ലയ്ക്ക് പുറത്ത് നിയമനം നൽകണമെന്ന വ്യവസ്ഥയിൽ സർവീസിൽ പുനഃ പ്രവേശിപ്പിച്ച പരാമർശപ്രകാരം ഉത്തരവായിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. രാജേഷ്.കെ.ടി (PEN : 526642) യെ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമിച്ച ഉത്തരവാകുന്നു.

ഡോ. രാജേഷ്.കെ.ടി. 22.03.2023 തീയതിയ്ക്കകം ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ച തരേണ്ടതാണ്.

2023 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം നിലനിൽക്കുന്നതിനാൽ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്ന അവസരത്തിൽ ആവശ്യമെങ്കിൽ ടി ഉത്തരവ് പുനഃപരിശോധിക്കുന്നതാണ്.

മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

ഒപ്പ്/-

ഡോ.റീന.കെ.ജെ

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. രാജേഷ്.കെ.ടി. ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ ). തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), മലപ്പുറം/പാലക്കാട്
3. സൂപ്രണ്ട്. ജില്ലാ ആശുപത്രി. പെരിന്തൽമണ്ണ, മലപ്പുറം/താലൂക്ക് ആസ്ഥാന ആശുപത്രി. ചിറ്റൂർ. പാലക്കാട്
4. സൂപ്രണ്ട്. ഇ.സി സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്